©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2026 ഫെബ്രുവരി 03<br>03rd February 2026<br>1201 മകരം 20<br>20th Makaram 1201<br>1947 മാഘം 14<br>14th Magha 1947 | നമ്പർ<br>No. | 426 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G.O.(P) No.9/2026/LBR. *Dated, Thiruvananthapuram, 2nd February, 2026*
*19th Makaram, 1201.*

**S. R. O. No. 136/2026**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, and in supersession of the notification issued under G.O. (P) No. 132/2016/LBR. dated 6th August, 2016 and published as S.R.O. No. 550/2016 in the Kerala Gazette Extraordinary No.1449 dated 17th August, 2016, the Government of Kerala, after considering the objections and suggestions received on the draft

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

proposal published as notification No.LBRD-E1/145/2024-LBRD. dated 3rd March, 2025 in the Kerala Gazette Extraordinary No. 880 dated 7th March, 2025 as required under clause (b) of sub-section (1) of section 5 of the said Act and after consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the classes of employees employed in the manufacture of Gold and Silver Ornaments sector in the State, as specified in the schedule below and fix the date of publication of this notification in the Official Gazette as the date on which the revised rates shall come into force.

## SCHEDULE

1. The category of workers employed in the various processes of manufacture of gold and silver ornaments sector and their fixed rate of minimum wages are as follows :-

| *Sl. No.* | *Category of Workers* | *Monthly Wages (₹)* | *Daily Wages (for 8 hours work) (₹)* |
|---|---|---|---|
| (1) | (2) | (3) | (4) |
| **Group I - Highly Skilled Workers** | | | |
| (a) | (1) Supervisor/Foreman | | |
| | (2) Chief Employee | | |
| | (3) Persons engaged in the manufacture of specially designed, handicraft ornaments | 22,680 | 870 |
| **Group II - Skilled Workers** | | | |
| (a) | (1) Workers engaged in converting gold into pure gold | | |
| | (2) Workers engaged in converting pure gold into gold | | |
| | (3) Workers engaged in making gold jewellery | 21,360 | 820 |
| | (4) Workers engaged in dyeing gold | | |
| | (5) Workers engaged in making gold wire conversion of gold into golden threads | | |
| | (6) Workers engaged in cutting of gold | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) |
|---|---|---|---|
| | (7) Workers engaged in polishing of gold ornaments<br>(8) Workers engaged in colouring of gold ornaments<br>(9) Workers engaged in purification of silver/making of silver articles<br>(10) Workers engaged in manufacture of silver ornaments and articles<br>(11) Workers engaged in silver cutting<br>(12) Workers engaged in polishing of silver articles and ornaments<br>(13) Workers engaged in manufacture of gold covered/silver coated ornaments | 21,360 | 820 |
| (b) | (1) Accountant/ Clerk<br>(2) Cashier<br>(3) Computer Operator<br>(4) Stenographer<br>(5) Driver<br>(6) Salesman (in the Manufacturing Establishments) | 20,040 | 770 |
| **Group III - Unskilled Workers** | | | |
| (a) | (1) Helpers in the work of processing/ refining of gold, manufacturing of gold ornaments and related works<br>(2) Helpers in the work of processing/ refining of silver, manufacturing of silver ornaments/ articles and other related works | 18,740 | 720 |
| (b) | (1) Attender/ Office Attendant<br>(2) Watchman/ Security Staff<br>(3) Full-time Sweeper | 17,940 | 690 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. Piece rated working

(a) *Manufacture of Gold articles*

| *Sl. No.* | *Weight of gold used for manufacture of the articles* | *Minimum rates of basic wages for every grams of the article* | | |
|---|---|---|---|---|
| | | *Hard articles with stones/pearls (₹)* | *For plain articles (₹)* | *Specially designed, artful and handicraft articles (₹)* |
| (1) | (2) | (3) | (4) | (5) |
| 1. | Up to 2 grams | 205 | 180 | 230 |
| 2. | Above 2 grams and up to 5 grams | 180 | 155 | 205 |
| 3. | Above 5 grams and up to 10 grams | 155 | 130 | 180 |
| 4. | Above 10 grams and up to 15 grams | 130 | 100 | 155 |
| 5. | Above 15 grams and up to 20 grams | 100 | 85 | 130 |
| 6. | Above 20 grams and up to 30 grams | 85 | 75 | 100 |
| 7. | Above 30 grams and up to 40 grams | 75 | 70 | 85 |
| 8. | Above 40 grams and up to 50 grams | 70 | 50 | 75 |
| 9. | Above 50 grams | 50 | 40 | 70 |

(b) *Manufacture of Silver shapes/ornaments/articles*

| *Sl. No.* | *Weight of silver used for the manufacture of shapes/ ornaments/ articles* | *Minimum rates of basic wages for every grams of the article* | | |
|---|---|---|---|---|
| | | *Hard articles (₹)* | *For plain articles (₹)* | *Specially designed, artful and handicraft articles (₹)* |
| (1) | (2) | (3) | (4) | (5) |
| 1. | Up to 10 grams | 35 | 25 | 40 |
| 2. | Above 10 grams and up to 15 grams | 25 | 15 | 35 |
| 3. | Above 15 grams and up to 20 grams | 25 | 15 | 25 |
| 4. | Above 20 grams and up to 30 grams | 15 | 15 | 25 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5. | Above 30 grams and up to 40 grams | 15 | 15 | 15 |
| 6. | Above 40 grams and up to 50 grams | 15 | 10 | 15 |
| 7. | Above 50 grams | 10 | 10 | 15 |

**1. Dearness Allowance**

In addition to the basic wages, the workers shall be eligible for variable Dearness Allowance at the rate of ₹ 2.30 (Two Rupees and Thirty Paise Only) for daily waged workers and ₹ 60 (Rupees Sixty only) for monthly waged workers for the increase in every point above 165 points in the series 2011-12=100 calculated on the basis of Consumer Price Index published for the District Headquarters concerned by the Department of Economics and Statistics of the Government of Kerala. Piece rated workers are not eligible for Dearness Allowance as the wages fixed for them includes Dearness Allowance.

**2. Higher Wages**

If workers of any locality/establishment are being paid higher wages and benefits than the minimum rate of wages fixed as per this notification, they shall continue to enjoy such wages and benefits.

**3. General Conditions**

1. For calculating the daily wages in respect of categories whose monthly wages have been fixed in this notification, the basic monthly wages shall be divided by 26 and also include Dearness Allowance at the rate of daily wages.
2. In respect of workers whose daily rate have been fixed, the monthly rate shall be calculated by multiplying daily rate by 26 and also include Dearness Allowance.
3. In case of a worker working in any establishment is at present getting higher wages than the minimum wages, they shall be entitled to get such higher wages continuously.

By order of the Governor,

SHANAVAS S.,

*Special Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Government had earlier revised the minimum rates of wages payable to the employees employed in the manufacture of Gold and Silver Ornaments sector in the State as per notification issued under G.O. (P) No. 132/2016/LBR. dated 6th August, 2016 and published as S.R.O. No.550/2016 in the Kerala Gazette Extraordinary No.1449 dated 17th August, 2016. The Government have, now, decided to revise the existing minimum rates of wages in the said sector after considering the objections and suggestions on the draft proposal published as per notification No.LBRD-E1/145/2024-LBRD. dated 3rd March, 2025 in the Kerala Gazette Extraordinary No. 880 dated 7th March, 2025 and on the advice of the Minimum Wages Advisory Board constituted under section 7 of the Minimum Wages Act, 1948 (Central Act 11 of 1948).

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി.) നം.9/2026/തൊഴിൽ

*തിരുവനന്തപുരം, തീയതി, 2026, ഫെബ്രുവരി 2*
*1201, മകരം 19.*

**എസ്. ആർ. ഒ. നമ്പർ 136/2026**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2016 ആഗസ്റ്റ് 6-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 132/2016/തൊഴിൽ ആയി പുറപ്പെടുവിച്ചതും 2016 ആഗസ്റ്റ് 17-ാം തീയതിയിലെ 1449-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 550/2016 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2025 മാർച്ച് 3-ാം തീയതിയിലെ ഇ 1/145/2024/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2025 മാർച്ച് 7-ാം തീയതിയിലെ 880-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുമായി കൂടിയാലോചിച്ചശേഷവും, കേരള സർക്കാർ, സംസ്ഥാനത്തെ സ്വർണ്ണവും വെള്ളിയും ആഭരണങ്ങളുടെ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

1. സ്വർണ്ണവും വെള്ളിയും ആഭരണങ്ങൾ നിർമ്മിക്കുന്ന മേഖലയിലെ വിവിധ പ്രകിയകളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളി വിഭാഗങ്ങളും അവരുടെ മിനിമം വേതനവും താഴെ പറയും പ്രകാരമാകുന്നു :-

| *ക്രമ നം.* | *തൊഴിലാളികളുടെ വിഭാഗം* | *മാസവേതനം (₹)* | *ദിവസവേതനം (8 മണിക്കൂർ ജോലിക്ക്) (₹)* |
|---|---|---|---|
| (1) | (2) | (3) | (4) |
| **ഗ്രൂപ്പ് I - അതിവിദഗ്ധ തൊഴിലാളികൾ** | | | |
| (എ) | (1) സൂപ്പർവൈസർ/ ഫോർമാൻ<br>(2) മുഖ്യ ജോലിക്കാരൻ<br>(3) പ്രത്യേകമായി രൂപകൽപ്പന ചെയ്ത് കരവിരുതുള്ള ആഭരണങ്ങൾ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ | 22,680 | 870 |
| **ഗ്രൂപ്പ് II - വിദഗ്ധ തൊഴിലാളികൾ** | | | |
| (എ) | (1) സ്വർണ്ണം ശുദ്ധ സ്വർണ്ണമാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(2) ശുദ്ധ സ്വർണ്ണം സ്വർണ്ണമാക്കി മാറ്റുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(3) സ്വർണ്ണാഭരണം നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(4) സ്വർണ്ണത്തിൽ നിറം പിടിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(5) സ്വർണ്ണം സ്വർണ്ണനാരാക്കി മാറ്റി സ്വർണ്ണക്കമ്പി നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(6) സ്വർണ്ണം മുറിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(7) സ്വർണ്ണാഭരണങ്ങൾ പോളിഷ് ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ | 21,360 | 820 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) |
|---|---|---|---|
| | (8) സ്വർണ്ണാഭരണങ്ങൾ കളറിംഗ് ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(9) വെള്ളി ശുദ്ധീകരിക്കുന്നതിൽ/ വെള്ളി ഉരുപ്പടികൾ ഉണ്ടാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(10) വെള്ളി ആഭരണങ്ങളും ഉരുപ്പടികളും നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(11) വെള്ളി മുറിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(12) വെള്ളി ഉരുപ്പടികളും ആഭരണങ്ങളും പോളിഷ് ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ<br>(13) സ്വർണ്ണത്തിൽ പൊതിഞ്ഞ/ വെള്ളി പൂശിയ ആഭരണങ്ങൾ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ | 21,360 | 820 |
| (ബി) | (1) അക്കൗണ്ടന്റ്/ ക്ലാർക്ക്<br>(2) കാഷ്യർ<br>(3) കമ്പ്യൂട്ടർ ഓപ്പറേറ്റർ<br>(4) സ്റ്റെനോഗ്രാഫർ<br>(5) ഡ്രൈവർ<br>(6) സെയിൽസ്മാൻ (നിർമ്മാണ സ്ഥാപനങ്ങളിലെ) | 20,040 | 770 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) |
|---|---|---|---|
| **ഗ്രൂപ്പ് III - അവിദഗ്ധ തൊഴിലാളികൾ** | | | |
| (എ) | (1) സ്വർണ്ണ സംസ്കരണം/ശുദ്ധീകരണം, സ്വർണ്ണാഭരണങ്ങളുടെ നിർമ്മാണത്തിലും അനുബന്ധ ജോലികളിലും സഹായിക്കുന്നവർ<br>(2) വെള്ളി സംസ്കരണം/ശുദ്ധീകരണം, വെള്ളി ആഭരണങ്ങൾ/ ഉരുപ്പടികളുടെ നിർമ്മാണത്തിലും അനുബന്ധ ജോലികളിലും സഹായിക്കുന്നവർ | 18,740 | 720 |
| (ബി) | (1) അറ്റൻഡർ/ ഓഫീസ് അറ്റൻഡന്റ്<br>(2) വാച്ച്മാൻ/ സെക്യൂരിറ്റി ജീവനക്കാരൻ<br>(3) ഫുൾടൈം സ്വീപ്പർ | 17,940 | 690 |

2. പീസ് റേറ്റിൽ ജോലി ചെയ്യുന്നതിന്

(എ) സ്വർണ്ണ ഉരുപ്പടികളുടെ നിർമ്മാണം

| ക്രമ നം. | ഉരുപ്പടി നിർമ്മിക്കുന്നതിനു വേണ്ടി ഉപയോഗിച്ച സ്വർണ്ണത്തിന്റെ തൂക്കം | ഉരുപ്പടികളുടെ ഓരോ ഗ്രാമിനുമുള്ള ഏറ്റവും കുറഞ്ഞ നിരക്കിലുള്ള അടിസ്ഥാന വേതനം | | |
|---|---|---|---|---|
| | | കല്ലുകൾ/മുത്തുകൾ വച്ച് കെട്ടിയതായ ഉരുപ്പടികൾക്ക് (₹) | സാധാരണ ഉരുപ്പടികൾക്ക് (₹) | പ്രത്യേകമായി രൂപകൽപ്പന ചെയ്തതും അലങ്കാരപരമായതും കരവിരുതുള്ളതുമായ ഉരുപ്പടികൾക്ക് (₹) |
| (1) | (2) | (3) | (4) | (5) |
| 1. | 2 ഗ്രാം വരെ | 205 | 180 | 230 |
| 2. | 2 ഗ്രാമിനു മുകളിൽ 5 ഗ്രാം വരെ | 180 | 155 | 205 |
| 3. | 5 ഗ്രാമിനു മുകളിൽ 10 ഗ്രാം വരെ | 155 | 130 | 180 |
| 4. | 10 ഗ്രാമിനു മുകളിൽ 15 ഗ്രാം വരെ | 130 | 100 | 155 |
| 5. | 15 ഗ്രാമിനു മുകളിൽ 20 ഗ്രാം വരെ | 100 | 85 | 130 |
| 6. | 20 ഗ്രാമിനു മുകളിൽ 30 ഗ്രാം വരെ | 85 | 75 | 100 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 7. | 30 ഗ്രാമിനു മുകളിൽ 40 ഗ്രാം വരെ | 75 | 70 | 85 |
| 8. | 40 ഗ്രാമിനു മുകളിൽ 50 ഗ്രാം വരെ | 70 | 50 | 75 |
| 9. | 50 ഗ്രാമിനു മുകളിൽ | 50 | 40 | 70 |

(ബി) വെള്ളി രൂപങ്ങൾ / ആഭരണങ്ങൾ / ഉരുപ്പടികൾ എന്നിവയുടെ നിർമ്മാണം

| ക്രമ നം. | രൂപങ്ങൾ/ ആഭരണങ്ങൾ ഉരുപ്പടികൾ നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗിച്ച വെള്ളിയുടെ തൂക്കം | ഓരോ ഗ്രാമിനുമുള്ള ഏറ്റവും കുറഞ്ഞ നിരക്കിലുള്ള അടിസ്ഥാന വേതനം | | |
|---|---|---|---|---|
| | | കട്ടിയായ ഉരുപ്പടികൾക്ക് (₹) | സാധാരണ ഉരുപ്പടികൾക്ക് (₹) | പ്രത്യേകമായി രൂപകൽപ്പന ചെയ്തതും അലങ്കാരപരമായതും കരവിരുതുള്ളതുമായ ഉരുപ്പടികൾക്ക് (₹) |
| (1) | (2) | (3) | (4) | (5) |
| 1. | 10 ഗ്രാം വരെ | 35 | 25 | 40 |
| 2. | 10 ഗ്രാമിനു മുകളിൽ 15 ഗ്രാം വരെ | 25 | 15 | 35 |
| 3. | 15 ഗ്രാമിനു മുകളിൽ 20 ഗ്രാം വരെ | 25 | 15 | 25 |
| 4. | 20 ഗ്രാമിനു മുകളിൽ 30 ഗ്രാം വരെ | 15 | 15 | 25 |
| 5. | 30 ഗ്രാമിനു മുകളിൽ 40 ഗ്രാം വരെ | 15 | 15 | 15 |
| 6. | 40 ഗ്രാമിനു മുകളിൽ 50 ഗ്രാം വരെ | 15 | 10 | 15 |
| 7. | 50 ഗ്രാമിനു മുകളിൽ | 10 | 10 | 15 |

**1. ക്ഷാമബത്ത**

അടിസ്ഥാനവേതനത്തിനു പുറമേ കേരള സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന 2011-12=100 എന്ന സീരീസ് ഉപഭോക്തൃ വിലസൂചികയിലെ 165 പോയിന്റനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസവേതന വിഭാഗത്തിലെ തൊഴിലാളികൾക്ക് രണ്ട് രൂപ മുപ്പത് പൈസ നിരക്കിലും മാസവേതന വിഭാഗത്തിലെ തൊഴിലാളികൾക്ക് അറുപത് രൂപ നിരക്കിലും മാറിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത (വേരിയബിൾ ഡി.എ) നൽകേണ്ടതാണ്. പീസ് റേറ്റിലുള്ള തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള വേതനത്തിൽ ക്ഷാമബത്തയും ഉൾപ്പെടുന്നതിനാൽ അവർക്ക് ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**2. ഉയർന്ന വേതനം**

ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ച ഏറ്റവും കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനങ്ങളും ആനുകൂല്യങ്ങളും ഏതെങ്കിലും പ്രദേശത്തെയോ സ്ഥാപനത്തിലെയോ തൊഴിലാളികൾക്ക് നൽകി വരുന്നുണ്ടെങ്കിൽ അങ്ങനെയുള്ള വേതനവും ആനുകൂല്യങ്ങളും തുടർന്നും നൽകേണ്ടതാണ്.

**3. പൊതു വ്യവസ്ഥകൾ**

1. ഈ വിജ്ഞാപനത്തിൽ മാസവേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗങ്ങളെ സംബന്ധിച്ച് ദിവസവേതനം കണക്കാക്കുന്നതിന് അടിസ്ഥാന മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ച്, ദിവസ നിരക്കിലുള്ള ക്ഷാമബത്ത കൂടി ഉൾപ്പെടുത്തേണ്ടതാണ്.
2. ദിവസ നിരക്ക് നിശ്ചയിച്ചിട്ടുള്ളവരെ സംബന്ധിച്ച് ദിവസ നിരക്കിനെ 26 കൊണ്ട് ഗുണിച്ച് ക്ഷാമബത്ത കൂടി ഉൾപ്പെടുത്തി മാസ നിരക്ക് കണക്കാക്കേണ്ടതാണ്.
3. ഏതെങ്കിലും സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഏതെങ്കിലും തൊഴിലാളിക്ക് കുറഞ്ഞ വേതനത്തെക്കാൾ ഉയർന്ന വേതനം ലഭിച്ചുകൊണ്ടിരിക്കുന്ന സംഗതിയിൽ തുടർന്നും അപ്രകാരമുള്ള ഉയർന്ന നിരക്കിൽ വേതനം നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഷാനവാസ് എസ്.,

*സ്പെഷ്യൽ സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ സ്വർണ്ണവും വെള്ളിയും ആഭരണങ്ങളുടെ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് നിശ്ചയിച്ചുകൊണ്ട് 2016 ആഗസ്റ്റ് 6-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 132/2016/തൊഴിൽ ആയി പുറപ്പെടുവിച്ചതും 2016 ആഗസ്റ്റ് 17-ാം തീയതിയിലെ 1449-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 550/2016 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു. 2025 മാർച്ച് 3-ാം തീയതിയിലെ ഇ 1/145/2024/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2025 മാർച്ച് 7-ാം തീയതിയിലെ 880-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉപദേശക ബോർഡിന്റെ ഉപദേശങ്ങൾ പരിഗണിച്ചശേഷവും പ്രസ്തുത വ്യവസായത്തിലെ നിലവിലുള്ള ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.03 07:38:23 +05:30